# ഗവ: എസ് എൻ ഡി പി യു പി എസ്

## വല്ലന



# അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

പത്തനംതിട്ട ജില്ലയുടെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന ആറന്മുളയിലെ വല്ലന എന്ന മനോഹരമായ കൊച്ചുഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സംഘടനകൊണ്ട് ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും ഉദ്ബോധിപ്പിച്ച കേരളത്തിന്റെ നവോത്ഥാന നായകൻ ശ്രീനാരായണ ഗുരുദേവന്റെ പ്രബോധനങ്ങളിൽ ആവേശം ഉൾക്കൊണ്ട വല്ലന എസ്. എൻ. ഡി. പി ശാഖായോഗം പ്രവർത്തകർ തങ്ങളുടെ ഗ്രാമത്തിൽ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കാൻ തീരുമാനിച്ചു. തത്ഫലമായി വല്ലന തൈക്കൈരയിൽ കുടുംബവക സ്ഥലത്ത് ഒരു താത്കാലിക കെട്ടിടത്തിൽ ശാഖായോഗം പ്രസിഡന്റ് ശ്രീ കെ. ആർ. ഭാനു മാനേജരും അരീക്കര ശ്രീ പി. കെ. കൃഷ്ണൻ ഹെഡ്മാസ്റ്ററുമായി 1930 ജൂൺ മാസത്തിൽ വല്ലന എസ്. എൻ. ഡി. പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

താത്കാലിക കെട്ടിടം നിലം പതിച്ചതിനെ തുടർന്ന് വല്ലന കിഴക്കേ പറമ്പിട്ട വീട്ടിൽ ശ്രീ കൃഷ്ണൻ അവർകൾ നൽകിയ പത്ത് സെന്റ് സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിച്ച് സ്കൂൾ പ്രവർത്തനം തുടങ്ങി.

സാമ്പത്തിക പരാധീനതമൂലം സ്കൂൾ നടത്തിക്കൊണ്ട് പോകുന്നത് ശാഖായോഗത്തിന് ബുദ്ധിമുട്ടായതിനാൽ 1946-47 കാലഘട്ടത്തിൽ സ്കൂൾ സർക്കാരിനു വിട്ടുകൊടുത്തു. അന്ന് മുതൽ ഒരു സർക്കാർ വിദ്യാലയമായി ഇത് പ്രവർത്തിച്ചു വരുന്നു. 1990 മെയ് 24-ാം തീയതി ഇതൊരു യു.പി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

# അടിസ്ഥാന വിവരങ്ങൾ

ഗവ: എസ്. എൻ. ഡി. പി. യു. പി സ്കൂൾ
വല്ലന.

ഗ്രാമപഞ്ചായത്ത് : ആറന്മുള
വാർഡ് : 16 (കുറിച്ചിമുട്ടം)
ബി.ആർ.സി : ആറന്മുള
ബ്ലോക്ക് : പന്തളം.
ഉപജില്ല : ആറന്മുള
വിദ്യാഭ്യാസ ജില്ല : തിരുവല്ല
ജില്ല : പത്തനംതിട്ട
ഇമെയിൽ : gsndpupsvallana@gmail.com

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും

- പണിപൂർത്തീകരിക്കാത്ത സ്കൂൾ കെട്ടിടം
- ചുറ്റുമതിലിന്റെയും ഗേറ്റിന്റെയും അപര്യാപ്തത.
- വിവിധ ലാബുകൾ, സ്കൂൾ ലൈബ്രറി, മ്യൂസിയം എന്നിവ സജ്ജീകരിക്കുന്നതിനുള്ള സ്ഥലപരിമിതി.
- കല - കായിക, പ്രവൃത്തി പരിചയ അധ്യാപകരുടെ സ്ഥിരം സേവനം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## Std : 1

# മലയാളം

## ആമുഖം.

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ, ശിൽപശാല സംയുക്ത ഡയറി ചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ ട്ടികൾ കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കു-ന്നതിനോടൊപ്പം, കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ ട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാ-ദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധ തരം പ്രവർത്തനങ്ങൾ കുട്ടി സ്വയം ായണമാകണം എന്നത് മുൻകൂട്ടി ഓരോ മാസവും. വിവിധതരം പ്രവർത്തന ട്ടത്തിലൂടെ കുട്ടിയും. രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയി-രിക്കുന്നത്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവ-ർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി-ക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ.

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം

- വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാകുക.

- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക

- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

- കുട്ടികളെ എഴുത്തിന്റെ ലോകത്ത് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

- തിയേറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.

- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

സർഗശേഷികൾ കൈവരിക്കുന്നു.

പാട്ടരങ്ങ്, ഡിഡൈപ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

കുഞ്ഞു ചിത്ര കഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ.

പ്രവർത്തനങ്ങൾ

സചിത്ര നോട്ട്ബുക്ക്, സചിത്രപുസ്തകം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ

സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.

അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.

ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല

താളാത്മകമായി ചെറു കവിതകൾ ചൊല്ലുന്നു.

ജൂലൈ

സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ

കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ

രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.

പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തുനോക്കാനും അവസരം ഒരുക്കുന്നു

ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

അക്ഷരപാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

ഓഗസ്റ്റ്.

റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.

ഭാഷാവികാസത്തിന് അവസരമൊരുക്കുന്നു.

സംയുക്തഡയറി എഴുത്ത് തുടരുന്നു.

പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

ഭാവാത്മകവായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

സെപ്റ്റംബർ

സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.

സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.
വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ.

വായനോത്സവം സംഘടിപ്പിക്കുന്നു.
ആസ്വാദ്യകരമായ വായന നടത്തുന്നു.
ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

നവംബർ.

സംയുക്തഡയറി മെച്ചപ്പെടുത്തി സ്വതന്ത്രരചനകൾ നടക്കുന്നു.
കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കണം.
വായനോത്സവം തുടരുന്നു.

- രചനോത്സവം നടത്തുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

ഡിസംബർ.

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- പരസ്പര സഹായത്തോടെ കൂട്ടെഴുത്ത്.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ പറയാനും എഴുതാനും കഴിയുന്നു.

ജനവരി.

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ശില്പശാലകൾ നടത്തുന്നു.
- കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനം.

• കുട്ടികളുടെ സർഗശേഷി സമൂഹത്തിൽ അവതരിപ്പിക്കുന്നു.
കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

ഫെബ്രുവരി.

• വായനോത്സവം, രചനോത്സവം എന്നിവ ക്ലാസ്സ്മുറിയിൽ നടപ്പിലാക്കുന്നു.
കുട്ടികളുടെ രചനകൾ മാഗസിനാക്കുന്നു.
ആശയ പൂർണ്ണതയോടെ തൻമയ രചനകൾ നടക്കുന്നു.

മാർച്ച്.

• കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു.
• ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂട്ടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നുമുതൽ അഞ്ചുവരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്കസംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം.

- രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം.
- ഒരക്കസംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്കസംഖ്യ പാറ്റേൺ രൂപീകരിക്കുന്നു.
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രവർത്തനങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ.

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.

സംഖ്യാകാർഡ് നിർമ്മിക്കുന്നു

ജൂലൈ

ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.

സംഖ്യാകാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്.

ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ.

സംഖ്യാ ഗാനങ്ങൾ ആസ്വദിക്കാൻ.
ഒറ്റസംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യകിട്ടും എന്ന തിരിച്ചറിവ്.
സംഖ്യാ ഗാനങ്ങൾ ആലപിക്കാം.

ഒക്ടോബർ.

ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്.
വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ.

സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ.

രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം.
രണ്ട് ഒരക്കസംഖ്യകളുടെ വ്യവകലനം.
ഒരക്കസംഖ്യകളുടെ വ്യാഖ്യാനം
ഗണിത ആൽബം തയ്യാറാക്കുന്നു.

ജനുവരി.

ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനം.
സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
ഒന്നുമുതൽ ൧൦ വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി.

ഗണിത ആൽബം PTA യിൽ അവതരിപ്പിക്കുന്നു.
വിലവിവരപ്പട്ടിക, പ്രശ്ന വിശകലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു.
ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
സംഖ്യകളുടെ പകുതി, മൂല്യം എന്നിവ തിരിച്ചറിയുന്നു.

# English.

The goal for the first grader is to handle English [f]luently. The first grader must go from small words to big [w]ords. They must be able to read, write and speak English.. [E]very child should be able to speak English fluently like Malaya-[l]am. We have to keep the language English close to our heart.

[T]he academic masterplan is designed to ensure that not [a] single child goes illiterate.

[O]bjectives and learning outcomes.

Respond to simple instruction in the classroom.

Describe orally about the picture and objects

Familiarise with simple words.

Enjoy songs and sing them with rhythm and action.

Familiarise the names of birds, animals, their young ones and identifies them from pictures.

-une
Introduce simple words.
Provide picture cards.

ily
Identify familiar words.
Say familiar words
Read familiar words.
Write familiar words.

ugust
Enjoy songs and sing them with rhythm and action.
Describes orally about pictures and objects using adjectives.
September
Read and write simple words and simple sentence.

Provides. picture cards and reading cards.

October

Introduce symbol picture discription

Make word chain and reading cards.

Make riddles

Describing words, rhyming words

Text book activities.

November

Prepare reading cards.

Provide more opportunities to read, right and speak English

Write five English words daily.

December

Read and understand simple instructions in the classroom.

Encourage digital reading.

January

Enjoy songs and sings them with rhythm and action
Make picture album.
Collect pictures of animals and its young ones.

February.

Provide the opportunity to express myself in the classroom.
English assembly once in a week.

March.

Speak English fluently
Read and write simple sentence
Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## Std : II

# മലയാളം

പ്രവർത്തന ലക്ഷ്യങ്ങൾ

- സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും, പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക, സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും, വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രങ്ങൾ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം / താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുന്നു, ചൊല്ലുന്നു.

| പഠനപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- |
| * പഠനോപകരണ ശില്പശാല<br>• ചിത്രകാർഡുകൾ നൽകൽ<br>• പാട്ടരങ്ങ്<br>• ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ<br>• വായനാ സാമഗ്രികൾ നിർമ്മിക്കൽ<br>• വായനയും, എഴുത്തും വികസിപ്പിക്കാനുതകുന്ന തന്ത്രങ്ങൾ ഒരുക്കൽ<br>• 'സംയുക്ത ഡയറി' എഴുത്ത് ആരംഭിക്കൽ | June |
| * ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു. | July |

| | |
|---|---|
| • സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ<br>- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>• വീട്ടുലൈബ്രറി ഒരുക്കൽ<br>• ചിത്രവിവരണം.<br>• വായനാനുഭവത്തിൽ ഒന്നിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാകുന്നു. | August |
| * വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണമെഴുതൽ<br>• വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• പാട്ടരങ്ങ്, പ്രകൃതിനടത്തം, യാത്രാവിവരണം, ഭാഷണം, [illegible]മെഴുതൽ | September. |

| | |
|---|---|
| * കേട്ടതോ, വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.<br>· വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ വേണ്ടുന്ന മുൻഗണന നൽകുന്നു. | October |
| * കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.<br>· എന്റെ വരുന്ന പുസ്തകം തയ്യാറാക്കുന്നു. | November |
| * ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാസികകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു<br>· വ്യവഹാരരൂപങ്ങൾ ബോധ്യമാകുന്നതിനുള്ള സന്ദർഭങ്ങൾ, സാധ്യതകൾ സൃഷ്ടിക്കുന്നു. | December |

| | |
|---|---|
| * കേട്ടതോ, വായിച്ചതോ ആയ കഥകൾ സന്ദർഭങ്ങൾ ഇവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ. <br> • വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മാർഗ്ഗദർശനം നൽകുന്നു. | October |
| * കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. <br> • എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു. | November |
| * ശേഖരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാസികകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. <br> • വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിനുള്ള സന്ദർഭങ്ങൾ, സാധ്യതകൾ സൃഷ്ടിക്കുന്നു. | December |

| | |
|---|---|
| * വരികൾ കൂട്ടിച്ചേർന്ന് വായിക്കുന്നതിനും, എഴുതു- ന്നതിനും, പാടുന്നതിനും അവസരമൊരുക്കൽ | January |
| • ലഘുവിവരണങ്ങൾ, പ്രത്യേകതകൾ, എഴുതുന്നതിനും, വായിക്കുന്നതിനും അവസരമൊരുക്കൽ | |
| • അറിയിപ്പുകൾ, പോസ്റ്ററുകൾ തയ്യാറാക്കുന്നതിനുള്ള അവസരമൊരുക്കൽ | |
| • കുട്ടികൾ സ്വതന്ത്രമായ സർഗാത്മകപ്രവർത്തനങ്ങ- ളിൽ ഏർപ്പെടുന്നതിനുള്ള അവസരമൊരുക്കൽ | February |
| • ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയെഴുത്ത്, മാസിക, മാഗസിനുകൾ തയ്യാറാക്കൽ | March |
| • വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന, ഇ- വായനയെ പ്രോത്സാഹിപ്പിക്കൽ | |
| • നവമാധ്യമങ്ങളിലും, PTA മീറ്റിംഗിലും അവതരിപ്പിക്കൽ | |

# ഗണിതം

## പ്രവർത്തന ലക്ഷ്യങ്ങൾ

- 100 വരെയുള്ള സംഖ്യാബോധം, വ്യവകലനം, സങ്കലനം, സംഖ്യകളെ വ്യാഖ്യാനിക്കാനും, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്നും ക്രമമായി എണ്ണുന്നു, എഴുതുന്നു (100ൽ താഴെ)
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു; വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | കാലയളവ്. |
| --- | --- |
| 1, 2, 3, 4 . . . . . . .<br>1, 3, 5, 7 . . . . . . .<br>5, 10, 15, 20 . . . . . . .<br>10, 20, 30, 40 . . . . . . .<br>2, 4, 6, 8 . . . . . . . തുടങ്ങിയ പാറ്റേണില<br>സംഖ്യാബോധം കണ്ടെത്തൽ | ജൂൺ |
| • ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടു മുൻപുള്ള സംഖ്യയും കിട്ടും എന്നുള്ള തിരിച്ചറിവുണ്ടാകൽ<br>* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട | ജൂലൈ |

| | |
|---|---|
| ഒരുകൂട്ടം വസ്തുക്കൾ ചേർന്ന് സമൂഹത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ ഗണിതത്തിന് എല്ലാകുട്ടികളിലും ഉറപ്പാക്കൽ. പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യ രൂപീകരിക്കൽ | ആഗസ്റ്റ് |
| * വിവിധ പാറ്റേണുകൾ രൂപീകരിക്കൽ | |
| • സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ | |
| • 99 നോട് ഒന്ന് കൂട്ടിയാൽ 100 കിട്ടും. | |
| • 10 പത്തുകൾ ചേർന്നാൽ 100 | |
| • 100 ഒന്നുകൾ ചേർന്നാൽ 100 | |
| • രണ്ടക്ക സംഖ്യകളുടെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുന്നതിനുള്ള കൂട്ടൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | |
| * ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ | സെപ്റ്റംബർ |

| | |
|---|---|
| • വിലവിവരപ്പട്ടിക തയ്യാറാക്കൽ<br>• ക്ലാസ്സിലെയൊരുമ , സ്കൂളിലെയൊരുമ, ഗണിതാശയങ്ങൾ പ്രായോഗികതലത്തിലൂടെ ഉറപ്പിക്കൽ<br>• തുക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രാ-യോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.<br>• സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ | ഒക്ടോബർ |
| • സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാന വിലാപേടകം , അബാക്കസ് നിർമ്മിക്കൽ<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോ-ഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | നവംബർ |

| | |
|---|---|
| • വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി വായന, പ്രശ്നം നിർധാരണം ചെയ്യുക.<br>* ഗണിതപാട്ടുകൾ നടപ്പിലാക്കുക<br>• ഉല്ലാസ ഗണിതം കിറ്റുകൾ ഉപയോഗിച്ച് ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ | ഫെബ്രുവരി |
| * കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ<br>• കലണ്ടർ നോക്കി സംഖ്യകളെ താരതമ്യം ചെയ്യൽ<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളുടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | മാർച്ച് |

# ENGLISH

AIM : To speak read, write english without any mistakes.

| Activities | Duration |
|---|---|
| * Games, Action song, Hello english activities<br>. Identify rhyming words from the picture. | June & July |
| . Self introduction.<br>* Add more lines. | Aug & Sep. |

| | |
|---|---|
| · Rhyming words.<br>· Make word web.<br>· TB activities.<br>* Description<br>· Thought<br>* Library books reading | October<br>November |
| · Conversation. | Dec. &<br>January |
| * News paper reading<br>· Announcement<br>· Diary | February<br>&<br>March |

# അക്കാദമിക മാസ്റ്റർ
# പ്ലാൻ

## Std : III

# ആമുഖം

മൂന്നാം ക്ലാസ്സിലെ കുട്ടി എന്നത് ഒന്ന്, രണ്ട് ക്ലാസ്സുകളിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുമാണ്. അതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗതപ്രവർത്തനങ്ങൾക്കു തന്നെയാണ് കൂടുതൽ സാധ്യതകൾ ഒരുക്കേണ്ടിയിരിക്കുന്നത്. ഭാഷ, പരിസര പഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതിയാണ് രൂപകല്പന ചെയ്യേണ്ടത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം പൂർത്തീകരിക്കേണ്ടതുണ്ട്.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഘട്ടമാണിത്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾതലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാനിനകത്ത് കുട്ടികളിൽ ഉണ്ടാവേണ്ട മൂല്യബോധം വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ പഠന നിലവാരം അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക എന്ന സമഗ്രഗുണമേന്മ പദ്ധതി ഭാഗമായി വരുന്ന ഒപ്പം വർക്ക്ഷീറ്റുകളുള്ള പാഠ്യപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രയോജനപ്പെടുത്താവുന്നതാണ്.

# മലയാളം

കുട്ടികളുടെ സമഗ്രമായ വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ തന്നെ നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ മൂന്നാം ക്ലാസിലെ കുട്ടികൾ ശുദ്ധമായി മലയാളം വായിക്കാനും, എഴുതുവാനും, സംസാരിക്കുവാനും കഴിയുന്ന രീതിയിലേക്ക് എത്തിച്ചേരുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ഉൾനിർത്തി മൂന്നാം ക്ലാസിലെ കുട്ടികൾ എല്ലാവരും

* സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ നിത്യജീവിതത്തിൽ സന്ദർഭോചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും അക്ഷരവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

* രചനകൾ ഭാവാത്മകമായി വായിക്കുന്നു.
* അനുബന്ധിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടംകഥ, പഴഞ്ചൊല്ലുകൾ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും → കഥ, കവിത, ചിത്രം, ഡയറി
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ അവതരിപ്പിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും.
  → വിവരണം, സംഭാഷണം, ജീവചരിത്രം

മുന്നൊരുക്കങ്ങൾ

ജൂൺ - ജൂലൈ

കനകച്ചിലങ്ക

* വായ്ത്താരികളോടു കൂടിയ നാടൻപാട്ടുകളുടെ ശേഖരണം.
* പഴഞ്ചൊല്ലുകൾ ശേഖരണം

* കഥാശേഖരം → നാടോടിക്കഥകൾ, ഗുണപാഠകഥകൾ
* നാടൻപാട്ടിലേയും കവിതയിലേയും താളം → കവിത ചൊല്ലൽ, ശില്പശാല
* കഥോത്സവം → നാടൻ കഥകളുടെ അവതരണ ശില്പശാല
* കടങ്കഥകൾ ശേഖരണം → കടങ്കഥ പാട്ടുകൾ, കടങ്കഥ പതിപ്പ്, കടങ്കഥ പുസ്തകം
* കഥയിലെ ജീവൻ → കഥാകാരനെ പരിചയപ്പെടൽ, അഭിമുഖസംഭാഷണം
* കഥാരൂപങ്ങൾ വേഷവിധാനം → ചിത്രശേഖരണം, ആൽബം
* പാവനാടകത്തെ അടുത്തറിയാം → ശില്പശാല

ആഗസ്റ്റ് - സെപ്റ്റംബർ

പലഹാരപ്പെട്ടി

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ
* നാടക ശില്പശാല
* റോൾപ്ലേ അവതരണങ്ങൾ
* ഓണവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.

* പലഹാര മേള → പാചകക്കുറിപ്പ് തയ്യാറാക്കൽ , പ്രദർശനം
* കത്തുകൾ മാതൃകകൾ
* ഹരിത കർമ്മ സേനാംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പത്രം
* ഹരിത വിദ്യാലയം . ശുചിത്വ പരിപാടി തയ്യാറാക്കൽ.

സി.പി.ടി.എ ഒന്നാം മികവുത്സവം

* നാടോടിക്കഥകളുടെ അവതരണം
* നാടൻ പാട്ടുകളുടെ അവതരണം
* പാവ നാടകം അവതരണം.

ഒക്ടോബർ

മണ്ണിന്റെ മക്കൾ

* കൃഷിയിടം സന്ദർശനം
* കൃഷിപ്പാട്ടുകൾ , കൃഷിച്ചൊല്ലുകൾ അവതരണം
* കുട്ടിക്കളികൾ , കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ
* നാടൻപാട്ട് ശില്പശാല

ജൂൺ - ജൂലൈ

## രൂപങ്ങൾ വരയ്ക്കാം

* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.
* ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.
* തോരണ നിർമ്മാണം, തോണി നിർമ്മാണം
* വെജിറ്റബിൾ പ്രിന്റിംഗ്
* ചതുരം, വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തു [illegible] രൂപങ്ങൾ നിർമ്മിക്കുന്നു.

ജൂലൈ - ആഗസ്ത്

* ഓരോ കുട്ടിക്കും കണക്കുപെട്ടി ഗണിത ശില്പശാല നിർമ്മിക്കേണ്ടതാണ്
* 1 മുതൽ 100 വരെ എഴുതിയ ടോക്കൺ.
* കുഞ്ഞിനോട്ടുകൾ → ഓരോ നോട്ടും 10 എണ്ണം വീതം

* കമ്പുകെട്ടുകൾ
* സംഖ്യ സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം

അഗസ്ത് - സെപ്തംബർ

* പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം
* അളവു പാത്രങ്ങളുടെ നിർമ്മാണം
* സ്കെയിലുകളുടെ നിർമ്മാണം

ഒക്ടോബർ

* സ്കെയിൽ നിർമ്മാണം
* കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം. ക്യാമ്പ്

നവംബർ - ഡിസംബർ

* ഗണിത വസ്തുത കാർഡ് നിർമ്മാണം

# പരിസരപഠനം


| പഠനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| * ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് തണ്ടിന്റെ കാഠിന്യം, വലുപ്പം, ആയുസ്സ്, ചുറ്റുപാട് എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക. | => പ്രകൃതി നടത്തം<br>=> നിരീക്ഷണം -> ജൈവവൈവിധ്യ ഉദ്യാനം<br>=> സസ്യഭാഗങ്ങൾ ചിത്രീകരണം<br>=> സസ്യങ്ങൾ വർഗ്ഗീകരണം | ജൂൺ | അധ്യാപിക |
| * പുതിയ ചെടികൾ ഉണ്ടാകുന്നതും വളരുന്നതും എങ്ങനെയെന്ന് നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തിരിച്ചറിയുന്നു. | => നിരീക്ഷണം<br>=> പരീക്ഷണം - വിത്തിനുള്ളിലെ ജീവൻ<br>=> വർഗ്ഗീകരണം | ജൂൺ - ജൂലൈ | |
| * സസ്യഭാഗങ്ങളായ വേര്, തണ്ട് എന്നിവയുടെ ധർമ്മങ്ങൾ. പരീക്ഷണം, നിരീക്ഷണം എന്നിവയിലൂടെ കണ്ടെത്തുന്നു | => പരീക്ഷണം - മഷിത്തണ്ടു ചെടി<br>=> നിരീക്ഷണം<br>=> നിഗമനങ്ങൾ രൂപീകരിക്കൽ. | ജൂൺ | |

| | | | |
|---|---|---|---|
| * നിരീക്ഷണം, ചർച്ച എന്നിവയിലൂടെ ഇലകളുടെയും പൂക്കളുടെയും സവിശേഷതകളും വൈവിധ്യങ്ങളും തിരിച്ചറിഞ്ഞ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | ⇒ കളി - ഇല ഏതെന്ന് പറയാൻ<br>⇒ നിരീക്ഷണം - ഇലകൾ തൊട്ടുനോക്കാം, മണപ്പിക്കാം<br>⇒ കടങ്കഥ പാട്ട്<br>⇒ പൂക്കൾ പലവിധം - പൂക്കൾ എന്തിന്<br>⇒ പോസ്റ്ററുകൾ, പ്ലക്കാർഡുകൾ നിർമ്മാണം<br>⇒ സസ്യോദ്യാനം സംഘടിപ്പിക്കൽ | ജൂൺ | അധ്യാപിക<br>പരിസ്ഥിതി<br>ക്ലബ്ബ് |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| * ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാൻ അവസരമൊരുക്കൽ | => കാർട്ടൂൺ പ്രദർശനം<br>=> സിനിമ പ്രദർശനം | ജൂൺ - മാർച്ച് മാസത്തിൽ ഒന്ന് | ടീച്ചർ |
| * ആത്മവിശ്വാസത്തോടെ English ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | => Let's talk... പ്രതിഭാധനരുമായി സംവദിക്കൽ<br>=> English ബാലസഭ<br>=> ഇംഗ്ലീഷ് അസംബ്ലി | മൂന്ന് മാസത്തിൽ ഒന്ന്.<br>മാസത്തിൽ ഒന്ന് | ടീച്ചർ |

| | | | |
|---|---|---|---|
| * വായന - അർത്ഥം അറിഞ്ഞും ഒഴുക്കോടെയും. | ⇒ ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ടീച്ചർ |
| | ⇒ ബാല പ്രസിദ്ധീകരണങ്ങളൂടെ വായന | | |
| | ⇒ വായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ടീച്ചർ |
| * തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | ⇒ നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ഒക്ടോബർ - മാർച്ച് ആഴ്ചയിൽ മൂന്ന് ദിവസം. | ടീച്ചർ |



# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്ടീച്ചർ |
| വായിക്കാം... വളരാം.... വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ആനുകാലിക വായന | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ CPTA |
| ഉയരാം തെളിയാം | പാഠഭാഗത്തിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ | | |

| | | | |
|---|---|---|---|
| ...ഴുന്നത് പരി<br>...പോഷിപ്പിക്കൽ | നിന്നു നേടിയ ശേഷികൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| കണ്ടറിയാം...<br>കേട്ടറിയാം...<br>അറിവ് നേടാം<br>ഇന്റർനെറ്റിലൂടെ<br>നേടൽ | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിച്ചു, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| കലക്കൂട്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. | വർഷത്തിലൊന്ന് | SRG<br>HM<br>ക്ലാസ് ടീച്ചർ |
| സർഗ്ഗോത്സവം<br>ഭാഷാപഠനത്തിൽ നേടിയ ശേഷികൾ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | " | " |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| രീക്ഷണം - റിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം. | HM ക്ലാസ്ടീച്ചർ |
| സ്ത്രപഠനം ളിതവും രസകര- വുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ SRG |
| ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പി | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് സന്ദർശനം | ആവശ്യാനുസരണം | HM CPTA ക്ലാസ്ടീച്ചർ. |

| | | | |
|---|---|---|---|
| -അന്വേഷണ വർത്തൽ ...ടങ്ങളൊരുക്കാം ...ത്തും - ഇന്ത്യ - ...ടവായന - ...ചിക - പരിചയ ...പ്പെടൽ | ഭൂപട വായന, ഭൂപട രചന, സൂചിക നിർമ്മാണം | വർഷത്തിലൊന്ന്. | SRG ക്ലാസ്ടീച്ചർ |
| ...സ്ത്രവിസ്മയച്ചുമർ ...ന്ത്രപഠനം ...സ്കാരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ |
| ...ശാസ്ത്രോത്സവം ...ശാസ്ത്രപഠനത്തിന് | പതിപ്പ്, ചാർട്ട്, ആൽബം എന്നിവ പഠനോപകരണം | വർഷത്തിലൊരിക്കൽ | SRG HM |

| | | | |
|---|---|---|---|
| നേടിയ അറി-<br>വുകളുടെ പ്രയോഗം | യുടെ പ്രദർശനം. | ഇൻസ്റ്റിറ്റ്യൂട്ട്. വർഷത്തിലൊരിക്കൽ | ഇൻസ്റ്റിറ്റ്യൂട്ട് |
| ട്ടമാസിക<br>പഠനത്തി<br>നേടിയ അറി<br>വുകളുടെ രചന. | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന്. | HM, SRG ഇൻസ്റ്റിറ്റ്യൂട്ട് |

# ഗണിതം

| ...ക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ...നിലവാരം ...മാക്കൽ ...നുഷ്ക്രിയകൾ ...ദ്ധിമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ. മൂല്യനിർണയം (ഏണി യും പാമ്പും കളി) വ്യവകലനം - ചതുരങ്ങളെ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ. |
| ...മയിലൂടെ ...ത്വം: ...നിലവാരം ...മാക്കൽ - ...ചലനശേഷി ...ാനും | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തി ലൊരിക്കൽ | HM SRG ക്ലാസ്ടീച്ചർ |

| | | | |
|---|---|---|---|
| ഗണിതയന്ത്രങ്ങൾ<br>ഗണിതോപകരണങ്ങളുടെ പ്രായോഗികതയും നിർമ്മിതിയും | ഗണിതയന്ത്രങ്ങൾ ദിവസേന ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ |
| പഠനോപകരണ ശില്പശാല<br>ഗണിതപഠനോപകരണങ്ങളുടെ നിർമ്മാണത്തിലൂടെ പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മാണം | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ<br>PTA<br>SRG |
| ഗണിതമേള<br>ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG<br>ക്ലാസ്ടീച്ചർ |

# English

| Learning out comes | Activities | Activity details | Duration. |
|---|---|---|---|
| Describes pictures | Picture description | · The teacher shows the picture<br>· Discussion<br>· The children talk about the pictures<br>Slow learners → Gives the opportunity to express their idea in malayalam | June–Aug |
| · Arranges word in alphabetical order. | Dictionary | · Introducing the dictionary | July–March |

| | | | |
|---|---|---|---|
| Add more exchanges to the conversation suitable to the context. | conversation | · Gives words<br>· Arranging words in alphabetical order.<br>· Reading the conversation<br>· conversation is acting with friends.<br>· Add more exchanges to the conversation.<br>Slow learners → Gives opportunity to express their idea in malayalam. | |
| Identifies rhyming words from the poem. | Rhyming words. | . plays the audio of song. | |

| | | | |
|---|---|---|---|
| | | · lets the learner singer after the audio.<br>· Discussion<br>· Identifies rhyming words. | July – Dec. |
| makes Simple riddles. | Riddiles. | · Gives children the oppertunity to hear and answer simple riddles.<br>make simple riddles. | Aug – march |
| undertakes Simple project work given. | Project work. | · Gives instructions<br>· Data collection | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## U.P വിഭാഗം

...ഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ...ശാസ്ത്രത്തിന്റെ ...ന അറിവുകൾ, ...ങ്ങൾ ഇവ പരിശോധിക്കാൻ ...യുകൾ | അങ്ങാട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠനത്തിന്റെ അടിസ്ഥാനത്തിൽ അറിവ് പരീക്ഷിക്കുന്ന തിന്താരോ കളികൾ പഠനത്തിന് നൽകുന്നു. | അധ്യയന വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ് അന്താരാഷ്ട്ര തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, വ്യക്തി, സംസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ ഉൾപ്പെടെ അടിസ്ഥാന വിവരങ്ങൾ ICT സാധ്യതകളുപയോഗിച്ച് memory-ൽ സൂക്ഷിക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| ...ളെ ചരിത്രാവബോധം ...ിയുള്ളവരാക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ഇന്റർ നെറ്റ് [illegible] | | |
| ...പത്രവായന ...ശീലം വളർത്തുക | വിദ്യാലയത്തിൽ നിന്ന് സമാഹരിച്ച (ദേശാഭിമാനി, മാതൃഭൂമി, മനോരമ [illegible]) പത്രങ്ങളിലൂടെ കുട്ടികൾ പത്ര നിർമ്മിതിയിലൂടെ സമകാലിക കാലം മനസ്സിലാക്കുന്നു. | | PTA | |
| ...ദുരന്തങ്ങളെക്കുറിച്ച് ...ത്തി നേരിടേണ്ട ...ൽ ഉരുൾപൊട്ടൽ ...ബോധവാന്മാരാ... | ദുരന്തം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ കൂടെ ദിനംപ്രതിയായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ നിവാരണത്തെക്കുറിച്ച് മനസ്സിലാക്കുകയും [illegible] ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration [illegible] നടത്തുകയും ദുരന്തങ്ങളിൽ പതറാതെ പ്രവർത്തിക്കാൻ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |

# ACADEMIC MASTER PLAN UP. ENGLISH

| പ്രശ്നം | പ്രവർത്തനങ്ങൾ | ബഡ്ജറ്റ് തുക | ഏജൻസി | കാലയളവ് |
|---|---|---|---|---|
| ഇംഗ്ലീഷ് പഠന പിന്നാക്കാവസ്ഥ | അടിസ്ഥാന ഭാഷാ ശേഷി വികാസം, English Cartoon, News, Poems കേൾക്കാനുള്ള അവസരം | 2000/- | | June – October |
| അടിസ്ഥാന ഭാഷാശേഷി കുറവ് | News Reading, Book Reading Speech. | | | June – March. |
| ഭാഷാശേഷി വർധിപ്പിക്കുക. | One word, one day | 2000/- | | June - January. |
| രചനാശേഷിക്കുറവ്, ആത്മവിശ്വാസക്കുറവ് | Script writing, Drama. | | English Club. | |

# ACADEMIC MASTER PLAN - UP SCIENCE

| ...ി | ലക്ഷ്യം | പ്രവർത്തനങ്ങൾ | എസ്റ്റിമേറ്റ് തുക | ചുമതലക്കാർ | കാലയളവ് |
|---|---|---|---|---|---|
| ...ലാബിന്റെ ...ക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ തരംതിരിക്കൽ | ലാബിലെ ഉപകരണങ്ങൾ കാറ്റലോഗ് തിരിക്കുക | — | Science Club | വർഷത്തിൽ ഒരു തവണ. |
| ...ന്മാർ ...ണ്ണൽ | ശാസ്ത്രജ്ഞന്മാരെ അറിയാൻ | സയൻസ് ചാർട്ടുകൾ, ക്വിസ്, ആൽബം നിർമ്മാണം, ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | 10,000 | Science Club | വർഷം മുഴുവൻ |
| ...നം ...ക്കൽ | ശാസ്ത്രോപകരണ നിർമ്മാണം | പാഠപുസ്തകവുമായി ബന്ധപ്പെട്ട ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കൽ, പ്രദർശനം, സ്കൂൾതല ശാസ്ത്രമേളയിൽ മികച്ച പങ്കാളിത്തം | 20,000/- | Science Club | വർഷം മുഴുവൻ. |

# ഗണിതം

| ...ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...സ്ഥാന ...ക്രിയകൾ ...നപാഠിതാ- ...ും ഉറപ്പ് ...ുന്നു. | ഗണിതശില്പശാല : കളി രീതിയിലൂടെ അടിസ്ഥാന ക്രിയ-കൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ etc) | ജൂൺ | ഗണിത അധ്യാപകൻ | |
| ...താവായ ...ിനശാസ്ത്ര ...നവും കര- ...നശേഷിക- ...s വികാസവും | ഒറിഗാമി ശില്പശാല : ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്ന-തിനുള്ള പരിശീലനം നൽകൽ . വിവിധ രൂപങ്ങ... | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ. | |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | | | |
| ...ത്രപ്രവർ... ...ങ്ങൾ സൃ... ...ക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കി ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം. | ഗണിത അധ്യാപകർ, ഗണിതക്ലബ്ബ് അംഗങ്ങൾ | |
| ...ിതം ...മാക്കൽ | ഗണിത പാർക്ക്: ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | PTA ഗണിത ക്ലബ്ബ്. |
| ...ിതമേള- ...കുട്ടികളുടെ ...പര്യം ...ധിപ്പിക്കൽ | ഗണിതഗ്രാമം: ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപക-നര ഗണിതത്തിൽ താൽപര്യം | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| | ദൂരെയുള്ള കുട്ടികൾക്ക് ക്ലാസ്സുകൾ നൽകുന്നു. | | | |
| സാങ്കേതിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | IT സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം എന്നു പോലെയുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മനസ്സിൽ ഒരു പ്രാവണ്യം | ഗണിത അധ്യാപകൻ | |
| 4. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കുന്നു. | ഗണിതത്തിൽ : ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരുന്നു. ഗണിത അധ്യാപകരും കുന്നിരയിൽ | അദ്ധ്യയനത്തിൽ ഒരുമിച്ച് | ഗണിത അധ്യാപകരും, കുട്ടികളും | |

| | | | | |
|---|---|---|---|---|
| | നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | | | |
| വിവിധശേഷികളുടെ വികാസം | ദിനാചരണം : ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG-ൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |